I/35168/2023

**ഭരണഭാഷ- മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം
Email Id: dirdhse.dge@kerala.gov.in
ഫോൺ നമ്പർ : 0471 2325868

**നമ്പർ** HSE/5034/2023-Ad C6 **തീയതി : 25-10-2023**

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ്-ഹയർസെക്കന്ററി വിഭാഗം- ജീവനക്കാര്യം -ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2023-24 വർഷത്തെ പൊതുസ്ഥലംമാറ്റം – അപേക്ഷകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന :

1.) 03/10/2018 ലെ സ.ഉ (കൈ) നം. 138/2018/പൊ.വിയവ സർകേകാർ ഉത്തരവ്
2) 02/03/2019 ലെ സ.ഉ (സാധ) 838/2019 പൊ.വി.വ. നമ്പർ ഉത്തരവ്
3). 24/04/2019 ലെ Gedn-U1/30/2019-G-Edn നമ്പർ സർക്കാർ കത്ത്
4). Order dated 21/08/2023 of the Hon'ble Kerala Administrative Tribunal in RA 40/2023 in OA 642/2022.
5). 01/09/2023 ലെ Gedn-C1/113/2022-G-Edn നമ്പർ സർക്കാർ കത്ത്

സൂചന (2) പ്രകാരം സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും സംബന്ധിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. സൂചന (4) വിധിന്യായ ഉത്തരവ് പ്രകാരം സൂചന (2) പൊതുസ്ഥലമാറ്റ മാനദണ്ഡ ഉത്തരവിലെ പ്രയോറിറ്റി സംബന്ധിച്ച 6(iii) , 7(ii) എന്നീ ഇനങ്ങൾ ഒഴിവാക്കി പകരം സൂചന (1) ഉത്തരവ് പ്രകാരം കംപാഷണേറ്റ്/പ്രയോറിറ്റി കണക്കാക്കി 2023-2024 ലെ ജനറൽ ട്രാൻസ്ഫർ നടത്തുവാൻ സൂചന (5) പ്രകാരം സർക്കാർ നിർദേശിച്ചിരിക്കുന്നു. കോടതി വിധിയ്ക്ക് അനുസൃതമായി സൂചന (1), (2) സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2023-24 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു. **31/10/2023** തീയതി വൈകുന്നേരം **5** മണിവരെ ഓൺലൈൻ മുഖേന **(www.dhsetransfer.kerala.gov.in** എന്ന വെബ്സൈറ്റ് മുഖേന) സ്ഥലംമാറ്റ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

സ്ഥലംമാറ്റത്തിനായി സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങളും അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ് കൃത്യമായി വായിച്ച് മനസ്സിലാക്കി അതനുസരിച്ച്

അപേക്ഷിക്കേണ്ടതുമാണ്. ആയതിനുശേഷം മാത്രമേ അദ്ധ്യാപകർ ഓൺലൈൻ അപേക്ഷയിലെ ഡേറ്റാ പ്രിൻസിപ്പാളിനു forward ചെയ്യാൻ പാടുള്ളൂ. **പ്രൊഫൈൽ കൺഫർമേഷൻ നടത്തിയിട്ടില്ലാത്ത അധ്യാപകർക്ക് അപേക്ഷ നൽകുവാൻ സാധിക്കില്ല എന്ന വിവരം ശ്രദ്ധയിൽപെടുത്തുന്നു.** അപേക്ഷയിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ പ്രസ്തുത അപേക്ഷ പ്രിൻസിപ്പൽ നിരസിക്കേണ്ടതും, വീണ്ടും അദ്ധ്യാപകർ തന്റെ Id യിൽ പ്രവേശിച്ച് തിരുത്തൽ വരുത്തി ടി അപേക്ഷ പ്രിൻസിപ്പലിന് പുന:സമർപ്പിക്കേണ്ടതുമാണ്. ട്രാൻസ്ഫറിന് അപേക്ഷിച്ചിട്ടുള്ള എല്ലാ അദ്ധ്യാപകരുടെയും അപേക്ഷ പ്രിൻസിപ്പൽ യഥാസമയം ഡയറക്ടറേറ്റിലേക്ക് നിർബന്ധമായും forward ചെയ്യേണ്ടതാണ്.

**<u>നിർദ്ദേശങ്ങൾ</u>**

1. 2023 മേയ് 31 ന് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിൽ 3 വർഷം അധ്യാപന സർവ്വീസ് പൂർത്തിയാക്കുന്ന അദ്ധ്യാപകർക്കു മാത്രമേ സ്ഥലംമാറ്റത്തിനു അപേക്ഷിക്കാൻ അർഹതയുള്ളൂ. എന്നാൽ അനുകമ്പാർഹ സ്ഥലം മാറ്റത്തിനായി അപേക്ഷിക്കുന്നവർക്ക് 3 വർഷം സമയപരിധി ബാധകമല്ല.
2. അധ്യാപകർ ഒരു ഹോം സ്റ്റേഷനിൽ/ഒരു റവന്യൂ ജില്ലയിൽ 2023 മേയ് 31 ന് അഞ്ച് വർഷം സേവനം പൂർത്തിയാക്കിയ തസ്തികകളും, 2023 മേയ് 31 വരെയുള്ള എല്ലാ ഒഴിവുകളും, ആദ്യമായി പി.എസ്.സി നിയമനം/ ബൈട്രാൻസ്ഫർ നിയമനം ലഭിച്ച അധ്യാപകരെ നിയമിച്ച തസ്തികകളും **(conditional status)** പുതുതായി ഉണ്ടാകുന്ന ഒഴിവുകളും, ഓപ്പൺ വേക്കൻസി ആയിരിക്കും. 25/05/2022 ലെ പൊതുസ്ഥലമാറ്റ ഉത്തരവിൽ അനുകമ്പാർഹ സ്ഥലംമാറ്റം ലഭിച്ച എല്ലാ അധ്യാപകരുടെയും തസ്തികകൾ **conditional status** ആയി കണക്കാക്കുന്നതാണ്. ആയത് 2023-24 ലെ ജനറൽ ട്രാൻസ്ഫറിൽ ഓപ്പൺ വേക്കൻസി ആയിരിക്കുന്നതുമാണ്.

   23/05/2022 പൊതുസ്ഥലംമാറ്റ ഉത്തരവിനു ശേഷം LWA, Deputation എന്നിവയിൽ നിന്നും rejoin ചെയ്തിട്ടുള്ള എല്ലാ അധ്യാപകരെയും **conditional status** ആക്കി ആയവർക്ക് പുനർ നിയമനം നൽകിയ തസ്തികകൾ പൊതുസ്ഥലംമാറ്റ open vacancy യിൽ ഉൾകൊള്ളിക്കുന്നതാണ്. Principal promotion/transfer എന്നിവ മൂലം excess ആയി പുന:നിയമനം ലഭിച്ചതും നിലവിലത്തെ ജില്ലയിൽ 5 വർഷം പൂർത്തിയാക്കിയിട്ടുള്ളതുമായ അധ്യാപക തസ്തികകൾ ജനറൽ ട്രാൻസ്ഫറിൽ open vacancy ആയിരിക്കും.

3. ഒരു റവന്യൂ ജില്ലയിൽ അഞ്ചുവർഷം പൂർത്തീകരിച്ച് കഴിഞ്ഞ അദ്ധ്യാപകരുടെ വിഷയാടിസ്ഥാനത്തിലുള്ള ഒഴിവുകളുടെ ലിസ്റ്റ് **www.dhsetransfer.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. **(ഈ ലിസ്റ്റിൽ വ്യത്യാസം വരാവുന്നതാണ്.)**
4. സൂചന (1) ഉത്തരവ് പ്രകാരം ഒരു ജില്ലയിൽ ഓരോ വിഷയത്തിനുമുള്ള വേക്കൻസി ഒറ്റ യൂണിറ്റായി പരിഗണിക്കണിച്ചാണ് കംപാഷനേറ്റ് / പ്രയോറിറ്റി ട്രാൻസ്ഫറുകൾ നടത്തുന്നത്.

5. സ്ഥലംമാറ്റം ആവശ്യമുള്ളതും, 2023 മേയ് 31 തീയ്യതിക്കകം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിൽ മൂന്നുവർഷം അധ്യാപനം പൂർത്തീകരിക്കുന്നവരുമായ എല്ലാ അധ്യാപകർക്കും സ്ഥലംമാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്. പൊതുസ്ഥലംമാറ്റത്തിനായി അധ്യാപകർക്ക് <u>പരിധിയില്ലാതെ സ്കൂളുകൾ തിരഞ്ഞെടുക്കാവുന്നതാണ്</u>. **നിലവിൽ ഓപ്പൺ വേക്കൻസി ഇല്ലാത്ത സ്കൂളുകളിലും ഓപ്ഷൻ നൽകാവുന്നതാണ്.**
6. ഒരു റവന്യൂ ജില്ലയിൽ അഞ്ചുവർഷമായി തുടരുന്നവരും 2021-22 അക്കാദമിക വർഷത്തെ പൊതുസ്ഥലമാറ്റ ഉത്തരവിൽ (23/05/2022) അനുകമ്പാർഹ സ്ഥലംമാറ്റം ലഭിച്ച അധ്യാപകരും online മുഖേന നിർബന്ധമായും അപേക്ഷ സമർപ്പിക്കേണ്ടതാണ് .
7. അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്ന അധ്യാപകർ, ജില്ലമെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും സ്ഥലംമാറ്റത്തിനുവേണ്ടിയുള്ള ഓൺലൈൻ അപേക്ഷയുടെ പകർപ്പും പ്രിൻസിപ്പാളിന്റെ ശുപാർശയോടുകൂടി നിർബന്ധമായും 03/11/2023-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി വിഭാഗം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം-1 എന്ന അഡ്രസ്സിൽ ലഭ്യമാക്കേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷയുടെ കവറിന്റെ പുറത്ത് "പൊതുസ്ഥലംമാറ്റം അനുകമ്പാർഹം" എന്ന് ചുവന്ന മഷിയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ജനറൽ ട്രാൻസ്ഫറിൽ പ്രഥമ ഓപ്ഷൻ നൽകുന്ന സ്കൂൾ ഏത് ജില്ലയിൽ ഉൾപ്പെടുന്നുവോ ആ ജില്ലയിലായിരിക്കും അനുകമ്പാർഹ സ്ഥലം മാറ്റത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ പ്രസ്തുത അദ്ധ്യാപകനെ പരിഗണിക്കുന്നത്. മറ്റു ജില്ലകളിൽ കംപാഷണേറ്റ് സ്റ്റാറ്റസിൽ അദ്ധ്യാപകർ ഇല്ലായെങ്കിൽ ഓപ്ഷന്റെ അടിസ്ഥാനത്തിൽ അത്തരം ഒഴിവുകളിൽ കംപാഷണേറ്റ് സ്റ്റാറ്റസുള്ള അപേക്ഷകരെ പരിഗണിക്കുന്നതാണ്.

*പ്രയോറിറ്റി കാറ്റഗറിയിലേക്ക് ട്രാൻസ്ഫർ നൽകുന്നത് അദ്ധ്യാപകരുടെ നിലവിലെ ഹോംസ്റ്റേഷനുകളിലേക്ക് മാത്രമാണ്. ജനറൽ ട്രാൻസ്ഫറിൽ പ്രയോറിറ്റി വിഭാഗത്തിൽ അപേക്ഷ സമപ്പിക്കുന്ന അദ്ധ്യാപകർ അവരുടെ അപേക്ഷയിൽ രേഖപ്പെടുത്തിയ പ്രിയോറിറ്റി സാധൂകരിക്കുന്ന രേഖകൾ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്. പ്രിൻസിപ്പാൾ ആയവ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.*

8. സംസ്ഥാനത്തെ പഞ്ചായത്ത് സ്കൂളുകളിലെ ഗവ.സർവ്വീസ് ഓപ്റ്റ് ചെയ്ത അധ്യാപകർക്കും ജനറൽ ട്രാൻസ്ഫർ നോംസ് ബാധകമായിരിക്കുന്നതാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേക്ക് അപേക്ഷ സമർപ്പിച്ച് ട്രാൻസ്ഫർ ലഭിക്കുന്നപക്ഷം ടി. അധ്യാപകർക്ക് ബന്ധപ്പെട്ട വകുപ്പിന്റെ നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

I/35168/2023

9. 12/06/2023 തീയതിയിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ഒരു വിദ്യാർത്ഥി പോലും പ്ലസ് വൺ പ്രവേശനം നേടാത്ത വിവിധ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ തസ്തികകൾ വിവിധ ജില്ലകളിലെ സ്കൂളുകളിലേക്ക് ഷിഫ്റ്റ് ചെയ്ത് ഉത്തരവായിട്ടുണ്ട്. Batch shift ചെയ്ത സ്കൂളിലെ തസ്തികകളിൽ നിലവിൽ excess ആയി തുടരുന്ന എല്ലാ അധ്യാപകരും നിർബന്ധമായും (Normal status തുടരുന്നവരും, അല്ലാത്തവരും) പൊതുസ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒരു വിഷയത്തിൽ ഒന്നിൽ കൂടുതൽ തസ്തികകൾ ഉള്ള ബാച്ച് ഷിഫ്റ്റഡ് സ്കൂളുകളിൽ നിന്നും സർവ്വീസിൽ ജൂനിയറായ അദ്ധ്യാപകർ ട്രാൻസ്ഫർ അപേക്ഷ സമർപ്പിച്ചു എന്ന് പ്രിൻസിപ്പൽ ഉറപ്പാക്കേണ്ടതാണ്. Batch കൾ shift ചെയ്ത സ്കൂളുകൾ പൊതുസ്ഥലം മാറ്റത്തിൽ നിന്നും ഒഴിവാക്കുന്നതാണ്.

10. 68 സ്കൂളുകളിലെ സൂപ്പർ ന്യൂമററി തസ്തികയിൽ നിലനിൽക്കുന്ന HSST ജൂനിയർ ഇംഗ്ലീഷ് അധ്യാപകർ പൊതു സ്ഥലം മാറ്റത്തിൽ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളതല്ല.

11. 2023 മേയ് 31 നകം അംഗീകൃത പരിശീലനം പൂർത്തിയാക്കിയ എൻ.സി.സി/എസ്.പി.സി. ചുമതലയുള്ള അധ്യാപിക/അധ്യാപകന് അവരുടെ യൂണിറ്റ് പ്രവർത്തിക്കുന്ന സ്കൂളുകളിൽ തുടരാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആയതിന്റെ രേഖയും സമ്മതപത്രവും പ്രിൻസിപ്പലിന് സമർപ്പിക്കേണ്ടതാണ്.

12. അംഗപരിമിതരായ എല്ലാ അധ്യാപകർ/ ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കളായ അധ്യാപകർ എന്നിവർ വൈകല്യം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ രേഖകൾ പ്രിൻസിപ്പാളിന് കൈമാറേണ്ടതും പ്രിൻസിപ്പൽ തീയതി വച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും ഡയറക്ടറേറ്റിൽ നിന്നും ആവശ്യപ്പെടുന്ന അവസരത്തിൽ ആയത് ലഭ്യമാക്കേണ്ടതുമാണ്. ക്രമപ്രകാരമല്ലാത്ത രേഖകൾ സമർപ്പിക്കപ്പെടുന്നതിന്റെയും രേഖകൾ മറച്ചു വെക്കുന്നതിന്റെയും ഉത്തരവാദിത്തം ബന്ധപ്പെട്ട അദ്ധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും മാത്രമായിരിക്കും.

Signed by
Santhosh Kumar B
Date: 25-10-2023 14:35:05

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി**

സഹായങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ
**0471-2325868,** (പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.15 മുതൽ 5.15 വരെ മാത്രം)